

# ആഡംബരം

ദൂരയാത്ര കഴിഞ്ഞെത്തിയാൽ മുഹമ്മദ് നബി ആദ്യം പോവുക മകൾ ഫാത്വിമയുടെ വീട്ടിലേക്കായിരിക്കും.

ഒരിക്കൽ യാത്ര കഴിഞ്ഞ് മുഹമ്മദ് നബി ഫാത്വിമയുടെ വീട്ടിലെത്തി.

വാതിലിൽ പുതിയ കർട്ടൻ കിടന്ന് തിളങ്ങുന്നു.

കാൽപ്പെരുമാറ്റം കേട്ട് ഫാത്വിമ ഓടി വന്നു. ''ബാപ്പ എപ്പോൾ വന്നു. യാത്രയൊക്കെ സുഖമായിരുന്നോ?'' ഫാത്വിമ ഉൽസാഹത്തോടെ കുശലം ചോദിച്ചു.

ഫാത്വിമ പുത്തൻ ശിരോവസ്ത്രം ധരിച്ചിരിക്കുന്നു.

പ്രവാചകൻ വാതിൽ കർട്ടനിലും ശിരോവസ്ത്രത്തിലും മാറിമാറി നോക്കി.

''ഇരിക്കൂ ബാപ്പാ, ഞാൻ കുടിക്കാൻ എടുക്കട്ടെ?'' ഫാത്വിമ ക്ഷണിച്ചു.

ദിവസങ്ങളായി പിരിഞ്ഞിരുന്ന മകളെ കാണാൻ ഓടിയെത്തിയ പ്രവാചകന് ഉൽസാഹമില്ലാതായി. മൂകനായി അൽപനേരം നിന്നിട്ട് അതിവേഗം മടങ്ങിപ്പോയി.

പിതാവിന്റെ ആ ഇറങ്ങിപ്പോക്ക് മകൾക്ക് സഹിച്ചില്ല!

''ബിലാലേ, ഒന്നിങ്ങ് വരൂ''– ഫാത്വിമ വിളിച്ചു.

''എന്താ മോളേ..?'' വീട്ടിലുണ്ടായിരുന്ന ബിലാൽ ഓടിയെത്തി. ഫാത്വിമ പിതാവിന്റെ പെരുമാറ്റത്തിലെ അസാധാരണത്വം വിവരിച്ചു.

''റസൂലിന് പറയാൻപറ്റാത്ത എന്തോ വിഷമം കാണും''–ബിലാൽ അങ്ങനെ പറഞ്ഞിട്ട് പള്ളി ലക്ഷ്യമാക്കി നടന്നു.

പ്രവാചകൻ പള്ളിയുടെ ഉമ്മറത്ത് സങ്കടപ്പെട്ട് ഇരിക്കുന്നു.

''റസൂലേ, ഫാത്വിമ മോൾ വിഷമത്തിലാണ്; എന്തെന്നറിയില്ല''–ബിലാൽ അറി

▸▸ ഇന്ത്യയിലെ ആദ്യത്തെ പെൺ പള്ളിക്കൂടം– കോട്ടയം ബേക്കർ സ്കൂൾ (1820)

യിച്ചു.

“ബിലാലേ, ഇന്നാട്ടിൽ ഉടുതുണിക്ക് മറുതുണിയില്ലാതെ പലരും കഷ്ടപ്പെടുന്നു. രാത്രിയിലെ കൊടും തണുപ്പിൽ പുതക്കാനൊരു തുണിക്കഷ്ണമില്ലാതെ മിക്കവരും വിഷമിക്കുന്നു. ഈ പരിതഃസ്ഥിതിയിൽ പ്രവാചകന്റെ പ്രിയപുത്രി പുതിയ ശിരോവസ്ത്രം ധരിക്കുന്നു. പുതിയ കർട്ടൻ ഉപയോഗിക്കുന്നു. ഇതൊന്നും ശരിയല്ല!” പ്രവാചകൻ പറഞ്ഞു.

ബിലാൽ തലകുലുക്കി ശരിവെച്ചു.

പിതാവ് ഒന്നും മിണ്ടാതെ പോയതിന്റെ കാരണം ബിലാലിൽ നിന്ന് താമസിയാതെ ഫാത്വിമ മനസ്സിലാക്കി.

മകളോട് ഒന്നും പറയാതെ പോന്നതിൽ പ്രവാചകന് വിഷമമായി. വീണ്ടും മകളെ കാണാനെത്തി.

വാതിലിൽ പുതിയ കർട്ടനില്ല. ബാപ്പയുടെ മുന്നിലെത്തിയ മകളുടെ തലയിൽ പഴയ ശിരോവസ്ത്രം മാത്രം.

പ്രവാചകനൽഭുതം.

“റസൂലേ, ഫാത്വിമ മോൾ പുതിയ കർട്ടനും പുതിയ ശിരോവസ്ത്രവും വസ്ത്രമില്ലാത്തവർക്ക് ദാനം ചെയ്തു”-ബിലാൽ വന്ന് അറിയിച്ചു.

“ഞാൻ തെറ്റിദ്ധരിച്ചു, ഫാത്വിമ എന്റെ ആദർശ പുത്രി തന്നെ” പ്രവാചകൻ സംതൃപ്തിയോടെ പുന്നാരമോളെ സ്നേഹവായ്പോടെ നോക്കിനിന്നു.

പുനരാഖ്യാനം:

• പട്ടണക്കാട് അബ്ദുൽഖാദർ

## കവികളും അവരെ വിശേഷിപ്പിക്കുന്ന പേരുകളും

| | | |
|---|---|---|
| 1 | കുഞ്ചൻ നമ്പ്യാർ | ജനകീയ കവി |
| 2 | ചങ്ങമ്പുഴ | ഗാനഗന്ധർവൻ |
| 3 | ഉള്ളൂർ | ഉജ്ജ്വല ശബ്ദാഢ്യൻ |
| 4 | ബാലാമണിയമ്മ | മാതൃത്വത്തിന്റെ കവി |
| 5 | കുമാരനാശാൻ | ആശയഗംഭീരനായ കവി |
| 6 | വള്ളത്തോൾ | ശബ്ദസുന്ദരനായ കവി |
| 7 | ജി. ശങ്കരക്കുറുപ്പ് | ദാർശനിക കവി |
| 8 | പി. കുഞ്ഞിരാമൻ നായർ | നിളയുടെ കവി |
| 9 | വയലാർ രാമവർമ്മ | വിപ്ലവകവി |
| 10 | ഇടശ്ശേരി ഗോവിന്ദൻ നായർ | ശക്തിയുടെ കവി |



▸▸ കേരളത്തിലെ ആദ്യ ജലവൈദ്യുത പദ്ധതി– പള്ളിവാസൽ